REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-01-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് തുടക്കമായി. രാഷ്ട്രപതി ഇരുസഭകളുടേയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തു.**
- **മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും NCP നേതാവുമായ അജിത് പവാർ മഹാരാഷ്ട്രയിലെ ബാരാമതിയിൽ വിമാനാപകടത്തിൽ അന്തരിച്ചു.**
- **രാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ, മുഖ്യമന്ത്രി തുടങ്ങിയവർ അജിത് പവാറിന്റെ നിര്യാണത്തിൽ അനുശോചിച്ചു.**
- **വിളപ്പിൽശാല ആശുപത്രിയിൽ ചികിത്സ കിട്ടാതെ രോഗി മരിച്ച സംഭവത്തിൽ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയനോട്ടീസിൽ ചർച്ചയാരംഭിച്ചു.**
- **ഇന്ത്യ - ന്യൂസിലാൻഡ് നാലാം ട്വന്റി -20 ക്രിക്കറ്റ് മത്സരം വൈകീട്ട് ഏഴിന് വിശാഖപട്ടണത്ത്.**

## വാർത്തകൾ വിശദമായി

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് തുടക്കമായി. രാഷ്ട്രപതി ദ്രൗപദി മുർമു ഇരുസഭകളുടേയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തതോടെയാണ് ബജറ്റ് സമ്മേളനത്തിന് തുടക്കമായത്.

ഗവണ്മെന്റിന്റെ മികച്ച നയങ്ങളും സംരംഭങ്ങളും രാജ്യത്ത് കാർഷികോൽപ്പാദനത്തിൽ ദ്രുതഗതിയിൽ വർദ്ധനയ്ക്ക് കാരണമായിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഭക്ഷ്യ എണ്ണകൾ,

എണ്ണക്കുരുക്കൾ, പയർവർഗ്ഗങ്ങൾ എന്നിവയ്ക്കായി നടത്തുന്ന ദേശീയ ദൗത്യങ്ങളിലൂടെ കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി കുറയ്ക്കുക എന്നതാണ് ഗവണ്മെന്റിന്റെ ഉദ്ദേശ്യമെന്ന് രാഷ്ട്രപതി പറഞ്ഞു. ഈ മേഖലകളിൽ രാജ്യം സ്വയംപര്യാപ്തതയിലേക്ക് നീങ്ങുകയാണെന്നും ദ്രൗപതി മുർമു അറിയിച്ചു.

ബജറ്റിന് മുന്നോടിയായി നാളെ സാമ്പത്തിക സർവേ സഭകളുടെ മേശപ്പുറത്ത് വെക്കും. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്.

ഇന്നു മുതൽ ഫെബ്രുവരി 13 വരെയാണ് ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടം. രണ്ടാം ഘട്ടം മാർച്ച് 9 മുതൽ ഏപ്രിൽ രണ്ട് വരെ നീളും. ബജറ്റ് സമ്മേളന കാലത്ത് 30 ദിവസം സഭകൾ ചേരും.

✪✪✪

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രിയും NCP നേതാവുമായ അജിത് പവാർ മഹാരാഷ്ട്രയിലെ ബാരാമതിയിൽ വിമാനാപകടത്തിൽ അന്തരിച്ചു. അദ്ദേഹത്തിന് 66 വയസ്സായിരുന്നു. അജിത് പവാർ അടക്കം അഞ്ച് പേരാണ് അപകടത്തിൽ മരിച്ചത്. വിമാനത്തിലുണ്ടായിരുന്ന ആരും രക്ഷപ്പെട്ടില്ല. രാവിലെ ബാരാമതി വിമാനത്താവളത്തിൽ ലാൻഡ് ചെയ്യുന്നതിനിടെ വിമാനം പൊട്ടിത്തെറിക്കുകയായിരുന്നു. ലിയർജെറ്റ്-45 എന്ന ചെറുവിമാനമാണ് അപകടത്തിൽപ്പെട്ടത്.

മുംബൈയിൽ നിന്ന് ബാരാമതിയിലെ പൊതുസമ്മേളനത്തിൽ പങ്കെടുക്കാൻ പോവുകയായിരുന്നു അജിത്പവാറും സംഘവും.

മഹാരാഷ്ട്രയിലെ ആറ് ഗവണ്മെന്റുകളിലായി ഏറ്റവും കൂടുതൽ കാലം ഉപമുഖ്യമന്ത്രിയായിരുന്ന നേതാവായിരുന്നു അജിത് പവാർ. എട്ട് തവണ നിയമസഭയിലേക്കും, ഒരു തവണ ലോക്സഭയിലേക്കും വിജയിച്ചു.

✪✪✪

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന്റെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, അശ്വിനി വൈഷ്ണവ്, പിയൂഷ് ഗോയൽ തുടങ്ങിവയർ അനുശോചിച്ചു.

അജിത് പവാറിന്റെ അകാല വിയോഗം നികത്താനാവാത്ത നഷ്ടമാണെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. മഹാരാഷ്ട്രയുടെ

വികസനത്തിന്, പ്രത്യേകിച്ച് സഹകരണ മേഖലയ്ക്ക് നൽകിയ ശ്രദ്ധേയമായ സംഭാവനകൾക്ക് പവാർ എപ്പോഴും ഓർമ്മിക്കപ്പെടുമെന്ന് രാഷ്ട്രപതി പറഞ്ഞു.

താഴെത്തട്ടിലെ ജനങ്ങളുടെ നേതാവായിരുന്നു അജിത് പവാർ എന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു. മഹാരാഷ്ട്രയിലെ ജനങ്ങളെ സേവിക്കുന്നതിൽ മുൻപന്തിയിൽ നിന്ന കഠിനാധ്വാനിയായ വ്യക്തിത്വമെന്ന നിലയിൽ അദ്ദേഹം പരക്കെ ബഹുമാനിക്കപ്പെടുന്നുവെന്നും നരേന്ദ്ര മോദി പറഞ്ഞു .

മഹാരാഷ്ട്രയുടെ വികസനത്തിനും സമൃദ്ധിക്കും വേണ്ടി അജിത് പവാർ പ്രതിജ്ഞാബദ്ധനായിരുന്നുവെന്ന് രാജ്നാഥ് സിംഗ് സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. പൊതുജീവിതത്തിനും മഹാരാഷ്ട്രയുടെ വികസനത്തിനും അജിത്പവാർ നൽകിയ സംഭാവനകൾ എന്നും സ്മരിക്കപ്പെടുമെന്ന് മുഖ്യമന്ത്രി സാമൂഹിക മാധ്യമമായ എക്സിൽ കുറിച്ചു. കുടുംബത്തിനും, സുഹൃത്തുക്കൾക്കും, മഹാരാഷ്ട്രയിലെ ജനങ്ങൾക്കും ഉണ്ടായ ദുഃഖത്തിൽ പങ്കുചേരുന്നതായി പിണറായി വിജയൻ അറിയിച്ചു.

നിര്യാണത്തിൽ കേന്ദ്രസഹമന്ത്രി ജോർജ് കുര്യനും അനുശോചനമറിയിച്ചു. കുടുംബത്തിന്റെയും, സുഹൃത്തുക്കളുടെയും പാർട്ടി പ്രവർത്തകരുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായി ജോർജ് കുര്യൻ പറഞ്ഞു.

ചിരകാല സുഹൃത്തായിരുന്നു അജിത് പവാർ എന്നും, രാഷ്ട്രീയമായി ഭിന്നിച്ചപ്പോൾ പോലും വ്യക്തിസൗഹൃദം സൂക്ഷിച്ചെന്നും മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. അജിത്പവാറിന്റെ വിയോഗത്തിലൂടെ മറാത്താ രാഷ്ട്രീയത്തിലെ അതികായനാണ് കാലയവനികക്ക് പിന്നിലേക്ക് മറഞ്ഞതെന്ന് രമേശ് ചെന്നിത്തല അറിയിച്ചു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങളിലേക്ക് മുന്നണികളും രാഷ്ട്രീയ പാർട്ടികളും സജ്ജമാകവെ രണ്ടാം പിണറായി ഗവൺമെന്റിന്റെ അവസാന ബജറ്റ്, മന്ത്രി KN ബാലഗോപാൽ നാളെ അവതരിപ്പിക്കും. നിയമസഭാ തെരഞ്ഞെടുപ്പിൽ കൂടുതൽ വോട്ടും, സീറ്റും സമാഹരിക്കുക എന്ന ലക്ഷ്യത്തോടെയായിരിക്കും നാളത്തെ ബജറ്റെന്നാണ് രാഷ്ട്രീയ നിരീക്ഷകർ കരുതുന്നത്. സംസ്ഥാന ജീവനക്കാരെയും, ക്ഷേമപെൻഷൻകാരെയും

തൊഴിലാളികളെയും സംബന്ധിച്ച് ബജറ്റിൽ പോസിറ്റീവ് ആയ തീരുമാനം ഉണ്ടാകുമെന്ന് ബാലഗോപാൽ ഇന്നലെ മാധ്യമങ്ങളോട് പറഞ്ഞിരുന്നു.

✪✪✪

വിളപ്പിൽശാല ആശുപത്രിയിൽ ചികിത്സ കിട്ടാതെ രോഗി മരിച്ച സംഭവത്തിൽ പ്രതിപക്ഷം നിയമസഭയിൽ കൊണ്ടുവന്ന അടിയന്തര പ്രമേയത്തിൽ ചർച്ച ആരംഭിച്ചു. കോൺഗ്രസിലെ PC വിഷ്ണുനാഥാണ് അടിയന്തര പ്രമേയ നോട്ടീസ് നൽകിയത്. പ്രമേയം, സഭ രണ്ട് മണിക്കൂർ ചർച്ച ചെയ്തേക്കും.

✪✪✪

കേരളത്തിന്റെ കട ബാധ്യത കുറഞ്ഞതായി മന്ത്രി KN ബാലഗോപാൽ പറഞ്ഞു. 2020-21 സാമ്പത്തിക വർഷത്തിൽ 38.47 ശതമാനമായിരുന്ന കട ബാധ്യത 2024-25 ൽ 34.87 ശതമാനമായി കുറഞ്ഞു എന്ന് മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു.

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലായി 2025 സെപ്റ്റംബർ വരെ 5650 കോടി രൂപ കേന്ദ്ര ഗവണ്മെന്റിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കാനുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

കോവളം, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കേന്ദ്രീകൃത ചരക്ക് ഗതാഗതത്തിന് രൂപം നൽകുന്നതിന് നടപടിക്രമങ്ങൾ പുരോഗമിക്കുകയാണെന്ന് മന്ത്രി VN വാസവൻ നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ലോജിസ്റ്റിക് പാർക്ക് നിർമ്മിക്കുന്ന നടപടി പുരോഗമിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള വിഷയത്തിൽ നിയമസഭാ കവാടത്തിൽ കോൺഗ്രസ് MLA മാർ നടത്തുന്ന സമരം തുടരുന്നു. നജീബ് കാന്തപുരം, CR മഹേഷ് എന്നിവരാണ് സത്യഗ്രഹമിരിക്കുന്നത്.

✪✪✪

വയനാട്ടിലെ മുണ്ടക്കൈ - ചൂരൽമല പുനരധിവാസ ടൗൺഷിപ്പിലെ 178 ഗുണഭോക്താക്കൾക്ക് ഫെബ്രുവരിയിൽ വീടുകളുടെ താക്കോൽ കൈമാറുമെന്ന് മന്ത്രി OR കേളു അറിയിച്ചു. പട്ടയം, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വൈദ്യുതി - കുടിവെള്ള കണക്ഷനുകൾ എന്നീ സൗകര്യങ്ങളോടു കൂടിയായിരിക്കും വീടുകളുടെ കൈമാറ്റം. കല്പറ്റയിൽ കളക്ടറേറ്റ്

കോൺഫറൻസ് ഹാളിൽ ചേർന്ന സർവ്വകക്ഷി യോഗത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

✪✪✪

ന്യൂഡൽഹിയിലെ കരിയപ്പ പരേഡ് ഗ്രൗണ്ടിൽ വാർഷിക NCC - PM റാലിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉച്ചകഴിഞ്ഞു അഭിസംബോധന ചെയ്യും. 'രാഷ്ട്ര പ്രഥം - കർത്തവ്യ നിഷ്ഠ് യുവ' എന്നതാണ് ഈ വർഷത്തെ പ്രമേയം. രാജ്യത്തെ യുവാക്കളുടെ കടമ, അച്ചടക്കം, ദേശീയ പ്രതിബദ്ധത എന്നിവയെ റാലി പ്രതിഫലിപ്പിക്കുമെന്ന് പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു. ഒരു മാസം നീണ്ട NCC റിപ്പബ്ലിക് ദിന ക്യാമ്പിന്റെ പരിസമാപ്തിയാണ് PM റാലി.

✪✪✪

ലോക കേരള സഭ അഞ്ചാം സമ്മേളനം നാളെ മുതൽ ശനിയാഴ്ച വരെ തിരുവനന്തപുരത്തു നടത്തും. നാളെ വൈകിട്ട് നിശാഗന്ധി ഓഡിറ്റോറിയത്തിലാണ് ഉദ്ഘാടന ചടങ്ങ്.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി

........വോയ്സ് .........

✪✪✪

കേന്ദ്ര വ്യവസായ സുരക്ഷാ സേനയുടെ 'വന്ദേമാതരം കോസ്റ്റൽ സൈക്ലത്തോൺ' രണ്ടാം പതിപ്പ് ന്യൂഡൽഹിയിൽ ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് വെർച്വലായി ഫ്ലാഗ് ഓഫ് ചെയ്തു. വന്ദേമാതരത്തിന്റെ 150-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി നടത്തുന്ന സൈക്ലോത്തൺ, അടുത്ത മാസം 22 വരെ തുടരും. 'സുരക്ഷിത തീരം, സമൃദ്ധ ഇന്ത്യ 'എന്നതാണ് സൈക്കിൾ യാത്രയുടെ പ്രമേയം.

പശ്ചിമ ബംഗാളിലെ ബഖാലിയിൽ നിന്നും ഗുജറാത്തിലെ ലഘ്പട് കോട്ടയിൽ നിന്നും ഒരേസമയം സൈക്ലിംഗ് ടീമുകൾ യാത്ര ആരംഭിച്ച്, 6,500 കിലോമീറ്റർ പിന്നിട്ട് കൊച്ചിയിൽ സൈക്ലത്തോൺ സമാപിക്കും.

✪✪✪

ഇന്ത്യ - ന്യൂസിലാൻഡ് നാലാം ട്വന്റി -20 ക്രിക്കറ്റ് മത്സരം വൈകീട്ട് ഏഴിന് വിശാഖപട്ടണത്ത് ആരംഭിക്കും. ആദ്യ മൂന്ന് മത്സരങ്ങളും ജയിച്ച ഇന്ത്യ, പരമ്പര സ്വന്തമാക്കിയിട്ടുണ്ട്. ട്വന്റി-20 ലോകകപ്പിന് ഒരുങ്ങുന്ന ടീം ഇന്ത്യ, അഞ്ച് മത്സരങ്ങളും ജയിക്കാൻ തയ്യാറെടുപ്പിലാണ്.

✪✪✪

നവീകരണം പൂർത്തിയാക്കിയ കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയം ഇന്ന് കേരള ഫുട്ബോൾ അസ്സോസിയേഷന് കൈമാറും. ISL മത്സരക്രമം അനുസരിച്ച് കേരളാ ബ്ലാസ്റ്റേഴ്സിന്റെ ഒമ്പത് ഹോം മത്സരങ്ങൾ കോഴിക്കോട്ടാണെന്ന് അറിയിച്ചിരുന്നെങ്കിലും ഔദ്യോഗിക പ്രഖ്യാപനം വന്നിട്ടില്ല. സൂപ്പർ ക്രോസ് റേസിംഗ് ലീഗ് മത്സരത്തിലാണ് പുൽമൈതാനം തകർന്നത്.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ തന്ത്രി കണ്ഠര് രാജീവരുടെ ജാമ്യഹർജിയുടെ പരിഗണന കൊല്ലം വിജിലൻസ് കോടതി തിങ്കളാഴ്ചത്തേക്ക് മാറ്റി. തന്ത്രിക്ക് വേണ്ടി സീനിയർ അഭിഭാഷകൻ B. രാമൻപിള്ള വീഡിയോ കോൺഫറൻസിലൂടെ ഹാജരായി.

✪✪✪

പീഡനകേസിൽ ജയിലിൽ കഴിയുന്ന രാഹുൽ മാങ്കൂട്ടത്തിൽ MLA യ്ക്ക് പത്തനംതിട്ട ജില്ല സെഷൻസ് കോടതി ജാമ്യം അനുവദിച്ചു. ഉഭയസമ്മത പ്രകാരം ബന്ധം, ചട്ടവിരുദ്ധമായ അറസ്റ്റ് തുടങ്ങിയവ പരിഗണിച്ചാണ് ജാമ്യം അനുവദിച്ചത്. 18 ദിവസത്തിന് ശേഷമാണ് രാഹുലിന് ജാമ്യം ലഭിച്ചത്. രാഹുൽ മാങ്കൂട്ടത്തിലിനെതിരെ ചുമത്തിയ ആദ്യ പീഡന കേസിലെ മുൻകൂർ ജാമ്യാപേക്ഷ ഇന്ന് ഹൈക്കോടതി പരിഗണിച്ചേക്കും.

✪✪✪

സ്വർണവില ഇന്നും വർദ്ധിച്ചു. പവന് 2,360 രൂപ കൂടി ഒരു ലക്ഷത്തി 21,120 രൂപയായി. 15,140 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

കേന്ദ്ര MSME മന്ത്രാലയത്തിന്റെ പ്രധാൻമന്ത്രി വിശ്വകർമ്മ പദ്ധതിയുടെ ഭാഗമായി കോഴിക്കോട്ട് കരകൗശല ഉത്പന്നങ്ങളുടെ പ്രദർശന-വിപണന മേള ഈ മാസം 30ന് ആരംഭിക്കും. മൂന്ന് ദിവസത്തെ മേള ബീച്ച് റോഡിലെ ആസ്പിൻവാൾ കോർട്ട് യാർഡിലാണ്.

✪✪✪

കണ്ണൂരിൽ പ്രധാനമന്ത്രി ഉച്ചതർ ശിക്ഷ അഭിയാൻ , രാഷ്ട്രീയ ഉച്ചതർ ശിക്ഷ അഭിയാൻ എന്നീ പദ്ധതികളുടെ മേഖലാ തല അവലോകന യോഗം ഇന്ന് സമാപിക്കും. കണ്ണൂർ സർവകലാശാല മാങ്ങാട്ടുപറമ്പ് ക്യാമ്പസ്സിലാണ് ഇന്നത്തെ യോഗം. കേരള, കർണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട്, പുതുച്ചേരി

എന്നിവിടങ്ങളിലെ സർവകലാശാല വൈസ് ചാൻസലർമാരും മുതിർന്ന ഉദ്യോഗസ്ഥരുമാണ് അവലോകന യോഗത്തിൽ പങ്കെടുക്കുന്നത്.

✪✪✪

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിൻമേൽ പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം.

✪✪✪

കോട്ടയം മെഡിക്കൽ കോളജിലെ പുതിയ ആധുനിക സർജിക്കൽ ബ്ളോക്ക് അടക്കം 11 വികസനപദ്ധതികൾ അടുത്ത മാസം 16-ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 283 കോടി രൂപ ചെലവിട്ടു പൂർത്തിയാക്കിയ വികസനപദ്ധതികളാണ് മുഖ്യമന്ത്രി നാടിന് സമർപ്പിക്കുന്നത്. 460 കിടക്കകളും 14 ഓപ്പറേഷൻ തിയറ്ററുകളും അടങ്ങുന്നതാണ് പുതിയ സർജിക്കൽ ബ്ളോക്ക്.

✪✪✪

ഇന്ന് അന്താരാഷ്ട്ര ഡാറ്റാ സ്വകാര്യതാ ദിനം. ഡിജിറ്റൽ യുഗത്തിൽ വ്യക്തിഗത ഡാറ്റയും സ്വകാര്യതയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs: അനിൽചന്ദ്രൻ, സബിത കെ, നിമിഷ ജി*
*DEO : ഷീബ*